**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 221** **13-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ സമഗ്രവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. ലിന്റോ ജോസഫ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരെ സാമൂഹിക, സാമ്പത്തിക, ആരോഗ്യ രംഗത്ത് മുഖ്യധാരയിൽ എത്തിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സാമൂഹിക, സാമ്പത്തിക, ആരോഗ്യ രംഗത്ത് മുഖ്യധാരയിൽ എത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ. വിദ്യാഭ്യാസ സ്കോളർഷിപ്പ് ഹോസ്റ്റലുകൾ/ എം.ആർ.എസ്സുകൾ പ്രീപ്രൈമറി വിദ്യാഭ്യാസം ഗോത്രബന്ധു പദ്ധതി സാമൂഹിക പഠനമുറി ലാപ്ടോപ്പ് വിതരണം കോളനികളിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കൽ വിദേശപഠനത്തിനുള്ള ധനസഹായം ആരോഗ്യ സംരക്ഷണ പദ്ധതികൾ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി അടിയന്തര ചികിത്സാ സഹായം അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും ആംബുലൻസ് സേവനം ജനനി ജന്മരക്ഷാ പദ്ധതി സാമൂഹിക-സാമ്പത്തിക വികസന പദ്ധതികൾ ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ലൈഫ് മിഷൻ പദ്ധതി മുഖേന പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിച്ച് വരുന്നു. ഭവനരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം നടപ്പിലാക്കിവരുന്നു. പാലക്കാട്, മലമ്പുഴ പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാർക്കായും ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉള്ളാട സമുദായങ്ങൾക്കായും പി.കെ. കാളൻ കുടുംബ പദ്ധതി നടപ്പിലാക്കി വരുന്നു. ഭക്ഷ്യ സുരക്ഷാ പദ്ധതികൾ എല്ലാ ജില്ലകളിലെയും |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ മേഖലയിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഭക്ഷ്യ സഹായ പദ്ധതി. അട്ടപ്പാടിയിൽ പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്ന തിനായുള്ള മില്ലെറ്റ് വില്ലേജ് പദ്ധതി. പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്ന ഹരിത രശ്മി, നമത് വെള്ളാമെ എന്നീ കാർഷിക പദ്ധതികൾ. നിലവിലുള്ള തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിലിന് ഉപരിയായി 100 ദിവസത്തെ അധിക തൊഴിൽ നൽകുന്ന ട്രൈബൽ പ്ലസ് പദ്ധതി. പട്ടികവർഗ്ഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പ്രശ്നം ലഘൂകരിക്കുന്നതിനായി നടപ്പിലാക്കി വരുന്ന സ്വയം തൊഴിൽ പരിശീലന പരിപാടികളും നൈപുണ്യ വികസന പദ്ധതികളും. വനം-വന്യജീവി വകുപ്പിൽ നിന്നും പട്ടികവർഗ്ഗ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. പങ്കാളിത്ത വന പരിപാലന പദ്ധതി (Participatory Forest Management). ചെറുകിട വനവിഭവങ്ങളുടെ താങ്ങുവില (MSP for MFP – Minimum Support Price for Minor Forest Produce) വൻ ധൻ വികാസ കേന്ദ്ര (Van Dhan Vikas Kendra (VDVK) |
| (ബി) | ഇവർക്കായുള്ള വിവിധ പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്തി നീക്കിവയ്ക്കുന്ന തുക കൃത്യമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | പട്ടികവർഗ്ഗക്കാർക്കായുള്ള വിവിധ ക്ഷേമ പദ്ധതികളിൽ ലഭ്യമാകുന്ന തുകയുടെ ശരിയായ വിനിയോഗം ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാന തലത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കലും ബഹു. വകുപ്പ് മന്ത്രി, വകുപ്പ് സെക്രട്ടറി, വകുപ്പ് ഡയറക്ടർ എന്നിവർ മാസം തോറും പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. മേൽപ്പറഞ്ഞവ കൂടാതെ ജില്ലാതലത്തിൽ ജില്ലാ കളക്ടർ അധ്യക്ഷനായ വർക്കിംഗ് ഗ്രൂപ്പും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി സംസ്ഥാന തലത്തിലും പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പും വനം-വന്യജീവി വകുപ്പും അതാത് വകുപ്പിൽ നിന്നും നടപ്പിലാക്കി വരുന്ന പട്ടികവർഗ്ഗ ക്ഷേമ പദ്ധതികളുടെ പുരോഗതി വകുപ്പ് തലത്തിൽ അവലോകനം ചെയ്യുന്നുണ്ട്. |
| (സി) | വനത്തിനുള്ളിൽ താമസിക്കുന്നവരുടെയും പ്രാക്തന ഗോത്രങ്ങളിൽപ്പെട്ടവരുടെയും സമഗ്ര വികസനത്തിനായി പ്രത്യേകം പദ്ധതികൾ ഉണ്ടോ; വ്യക്തമാക്കാമോ? | (സി) | പ്രത്യേക ദുർബലഗോത്ര വിഭാഗങ്ങളുടെയും മറ്റ് ദുർബല വിഭാഗങ്ങളുടെയും വികസനത്തിനായി പ്രാദേശികാടിസ്ഥാനത്തിൽ പ്രത്യേക പദ്ധതിയ്ക്ക് രൂപം നൽകുന്നുണ്ട്. പരിസ്ഥിതിലോല |

| | | | |
|---|---|---|---|
| | | | പ്രദേശങ്ങളിലും വെള്ളപ്പൊക്കം/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശങ്ങളിലും താമസിക്കുന്നവരുടെ പുനരധിവാസം ഘട്ടം ഘട്ടമായി നടപ്പാക്കാൻ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. പ്രത്യേക ദുർബലഗോത്ര വിഭാഗക്കാരുടെ സംരക്ഷണത്തിനും വികസനത്തിനുമായുള്ള കേന്ദ്ര സഹായം ഉപയോഗിച്ചും ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട രോഗികൾക്കും മുതിർന്ന പൗരന്മാർക്കും സംരക്ഷണം നൽകുന്നതിനായി അട്ടപ്പാടി, മാനന്തവാടി, സുഗന്ധഗിരി എന്നിവിടങ്ങളിൽ അഗതി മന്ദിരങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ